Malayala Manorama 20-10-18, P-2

ഒറ്റ മാവിൽ 32 തരം മാങ്ങകൾ ഉണ്ടാകുന്നത് കണ്ടിട്ടുണ്ടോ. എന്തുകഴിച്ചാലും മധുരം വരുത്തുന്ന അത്ഭുത ഫലം കഴിച്ചിട്ടുണ്ടോ... ഇതു മാത്രമല്ല, ഇതിനപ്പുറത്തെ കൗതുകങ്ങളുമുണ്ട് പോളിയുടെയും ജോളിയുടെയും ഫാമിൽ.

# ഹരിത വിസ്മയങ്ങളുടെ വീട്

ജിജി പോൾ
jijipaul@mm.co.in




കൃഷി അസിസ്റ്റന്റ് ഡയറക്ടറായി വിരമിച്ചൊരാൾ ആട്ടിൻപാലും ആട്ടിൻമൂത്രവും കോഴിമുട്ടയും വിറ്റു ജീവിക്കേണ്ട വല്ല കാര്യവുമുണ്ടോയെന്നു സാധാരണക്കാർ ചോദിച്ചേക്കാം.

പക്ഷേ, ദുബായ് ഭരണാധികാരിയുടെ നോക്കെത്താദൂരത്തോളമുള്ള തോട്ടങ്ങളുടെയും കൊട്ടാരങ്ങളുടെയും കൃഷികാര്യസ്ഥനായിരുന്ന പോളി ജോൺ കൃഷിയുടെ കാര്യത്തിൽ സർവീസിൽ നിന്നേ വിരമിച്ചുള്ളു, കൃഷി തുടർന്നു. കാക്കനാട് വാഴക്കാലയിൽ പ്രധാന റോഡിനോടു ചേർന്ന് ആടും കോഴിയും പച്ചക്കറികളും സസ്യജാലവുമുള്ള കൊച്ചിൻ അഗ്രോ ഫാം എന്ന പച്ചപ്പിന്റെ തുരുത്തിലേക്കു കടക്കുമ്പോൾ എല്ലാവരും പോളിയെ സമ്മതിച്ചുപോകും. പോളിയെ സമ്മതിച്ചാൽ പോളിയുടെ ഭാര്യ ജോളിയെയും അംഗീകരിക്കും. രണ്ടുപേരും ചേർന്നാണു വൈവിധ്യമാർന്ന ഈ കൃഷിയിടം നോക്കിനടത്തുന്നത്.

വർഷത്തിൽ 9 മാസവും മാങ്ങ കിട്ടുന്നൊരു മാവു മുറ്റത്തുണ്ടാവാൻ ആരുമൊന്നു കൊതിച്ചുപോകില്ലേ?

അതും, പല ആകൃതിയിലും നിറത്തിലും രുചിയിലുമുള്ള മാങ്ങകൾ. പോളിയുടെ മുറ്റത്തിന്റെ അലങ്കാരം ഈ മാവാണ്. 20 അടി ഉയരമുള്ള രാജാപുരി മാവിൽ ഒട്ടിച്ചുവച്ചിരിക്കുന്നത് 32 ഇനം മാവുകൾ. ഓരോ കമ്പിൽ ഓരോ തരം മാങ്ങ. കഴിഞ്ഞവർഷം ഇതിൽ 9 കമ്പുകൾ കായ്ച്ചു, 9 ഇനം മാങ്ങ.

പണത്തിനു വേണ്ടിയുള്ളതല്ല പോളിയുടെ കൃഷി. എന്നാൽ, എല്ലാം വെറുതെ നൽകാനുള്ളതുമല്ല. 12 തലമുറകളായി കുമരകത്തു കൃഷിക്കാരായ കുടുംബത്തിലെ പോളിയെ കൃഷി പഠിപ്പിക്കേണ്ടതില്ലെങ്കിലും അദ്ദേഹം പഠിച്ചതും ജോലി ചെയ്തതും കൃഷി തന്നെ. കൃഷി ഓഫിസറായി ജോലി ചെയ്യുന്ന കാലത്തു ലീവെടുത്തു ദുബായ് ഭരണാധികാരിയുടെ കൃഷിക്കാര്യങ്ങളുടെ ചുമതലക്കാരനായി പോയി. 50-60 ഏക്കർ വിസ്തൃതിയുള്ള ഒട്ടേറെ ഈന്തപ്പന, മാവിൻ തോട്ടങ്ങളുടെയും പുല്ലു കൃഷിക്കു മാത്രമുള്ള 110 ഏക്കർ തോട്ടത്തിന്റെയും 13 കൊട്ടാരങ്ങൾക്കുള്ളിലെ ലാൻഡ്സ്കേപ്പിങ്ങിന്റെയുമെല്ലാം മേൽനോട്ടം. ഗൾഫ് മടുത്തപ്പോൾ നാട്ടിലെത്തി, സർവീസിൽ തിരികെക്കയറി ജോയിന്റ് ഡയറക്ടറായി വിരമിച്ചു.

വാഴക്കാലയിൽ 10 സെന്റ് സ്ഥലം 1989ൽ വാങ്ങിയതാണ്. പ്ലോട്ടിന്റെ അരികിനോടു ചേർത്തു വീടുവച്ചതു ബാക്കി സ്ഥലത്ത് എന്തെങ്കിലും നട്ടുപിടിപ്പിക്കാൻവേണ്ടി. പക്ഷേ, പാമ്പിനും കീരിക്കും ആവാസസ്ഥലവും നാട്ടുകാർക്കു മാലിന്യം വലിച്ചെറിയാനുമായി തൊട്ടടുത്തു കിടന്ന 50 സെന്റു സ്ഥലം തലവേദനയായി. ഉടമയോടു ചോദിച്ച് അവിടെ വാഴവച്ചു, വാഴയ്ക്കു വളം കണ്ടെത്താൻ രണ്ട് ആടിനെ വാങ്ങി. ആട്ടിൻ കുടുംബം വളർന്ന്, ഇപ്പോൾ 22 ആടുകൾ വരെയെത്തി. ഈ വർഷം ഇതുവരെ 15 ആടിനെ വിറ്റു. ആട്ടിൻപാലിനു മാത്രമല്ല, ആട്ടിൻ കാഷ്ഠത്തിനും മൂത്രത്തിനും വരെ ആവശ്യക്കാരുണ്ടിവിടെ. ദിവസേന 7 ലീറ്റർ പാൽ കിട്ടും.


പോളി ജോൺ

ആടിനു കൂട്ടായി കോഴികളുമുണ്ട്, 50 എണ്ണം. പ്രതിദിനം 3 ഡസൻ മുട്ട. മുട്ട വാങ്ങാൻ ബുക്കിങ്ങാണ്. നോക്കിനടത്താൻ മനസ്സും അധ്വാനിക്കാൻ താൽപര്യവുമുണ്ടെങ്കിൽ ഇതു രണ്ടും ലാഭത്തിൽ കൊണ്ടുനടക്കാമെന്നു പോളി പറയുന്നു. 50 കോഴിക്ക് ഒരു ദിവസം 125 രൂപയുടെ തീറ്റ. മുട്ടവിറ്റ് 300 രൂപയുണ്ടാക്കാം. ആടിന്റെ എണ്ണം കൂടിയപ്പോൾ പച്ചക്കറി കൃഷി കുറച്ചു, ദിവസം 600 രൂപയുടെ പച്ചക്കറിവരെ വിറ്റ സമയമുണ്ട്. പച്ചക്കറി നട്ടിടത്ത് ഇപ്പോൾ ആടിനു പുല്ലു നട്ടിരിക്കുന്നു. നഴ്സറിയിലാണ് ഇപ്പോൾ ശ്രദ്ധ. സ്വദേശിയും വിദേശിയുമായ ഫലവൃക്ഷങ്ങൾ, ബഡ് ചെയ്തതും ഗ്രാഫ്റ്റ് ചെയ്തതും. ഒന്നിൽത്തന്നെ പലത് ഒട്ടിച്ചു ചേർത്തത്... എന്നിങ്ങനെ പലതരം. പഞ്ചസാരയേക്കാൾ പലമടങ്ങ് മധുരമുള്ള സ്റ്റീവിയ, എന്തുകഴിച്ചാലും മധുരം വരുത്തുന്ന മിറക്കിൾ ഫ്രൂട്ട്, കേപ് ടൗണിൽ നിന്നു കൊണ്ടുവന്നു നട്ടുപിടിപ്പിച്ച ഒറിഗാന എന്നിവ ഇവയിലെ അപൂർവതകൾ.

3 പതിറ്റാണ്ടിലേറെയായി കൃഷിയിടത്തിലുള്ള പോളിയുടെ സൂക്ഷ്മത മൾപ്പിൾ ഗ്രാഫ്റ്റിങ്ങിലാണ്. രാജാപുരി, മൽഗോവ, അൽഫോൻസ, രത്ന, ഇമാംപസന്ത്, നിലാലി പസന്ത്, മല്ലിക, അമ്രഫലി, കോട്ടപ്പറമ്പൻ, മൂവാണ്ടൻ, കോശേരി, ഓൾസീസൺ (റോയൽ, സോണിയ) പ്രിയോർ, ബ്ലാക് ആൻഡ് റോസ്, ബംഗരപ്പള്ളി, കുറ്റ്യാട്ടൂർ, കിയോസവായി എന്നിങ്ങനെ മാവുകൾ അങ്ങോട്ടുമിങ്ങോട്ടും ഒട്ടിച്ചുപിടിപ്പിച്ച് തൈകളാക്കിയിരിക്കുന്നു. ഒരു മാവിൽ നിന്ന് മൂന്നും നാലും തരം മാങ്ങകൾ പറിക്കാം. മാവിൽ മാത്രമല്ല, ചാമ്പ, പ്ലാവ്, പേര എന്നുവേണ്ട അരളിപ്പാലയിൽ വരെയുണ്ട് ഒട്ടിപ്പ്. ഒറ്റ പാലയിൽ 12 നിറമുള്ള പൂക്കളാണ് വീടിന്റെ പുറകുവശത്തെ മുറ്റത്ത് അതിഥികളെ വരവേറ്റു നിൽക്കുന്നത്. ഇൻഡോർ പ്ലാന്റുകളുടെ വലിയൊരു ശേഖരവും ഈ വീട്ടിലുണ്ട്.